പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4923      04-07-2012 -ൽ മറുപടിക്ക്.

## യുവാക്കളിലും കുട്ടികളിലും വ്യാപകമായിക്കൊണ്ടിരിക്കുന്ന മദ്യപാനശീലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) |
| (എ) യുവാക്കളിലും കുട്ടികളിലും വ്യാപകമായിക്കൊണ്ടിരിക്കുന്ന മദ്യപാനശീലം ഒഴിവാക്കുന്നതിനായി എന്തെങ്കിലും പരിപാടികൾ എക്സൈസ് വകുപ്പ് സംഘടിപ്പിക്കുന്നുണ്ടോ; | (എ) ഉണ്ട്. യുവാക്കളിലും കുട്ടികളിലും വ്യാപകമായിക്കൊണ്ടിരിക്കുന്ന മദ്യപാനശീലം ഒഴിവാക്കുന്നതിനായി ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്. വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്, മദ്യ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരികയും, അതിൽ അവരെ പങ്കാളികളാക്കുകയും ചെയ്യുന്നുണ്ട്. മദ്യാസക്തിക്കെതിരെ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാനും, മദ്യമയക്കു മരുന്നു വിപത്തിനെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനത്തിനും തുടക്കം കുറിച്ചു. സംസ്ഥാനത്തെ, സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം വിപുലീകരിച്ച്, വിദ്യാർത്ഥികളിൽ ലഹരി വിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ച് അവരെ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, ലഹരി പദാർത്ഥങ്ങൾ വിദ്യാലയങ്ങളിൽ നിന്നും അകറ്റി നിർത്തുക, മദ്യ-ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നീ ഉദ്ദേശങ്ങളോടെ, എക്സൈസ് വകുപ്പ് ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി, സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന ജാലവിദ്യാ പ്രകടനവും, എഫ്.എം. റേഡിയോ, ആകാശവാണി എന്നിവ വഴിയുള്ള പ്രചരണം എന്നിവയും നടത്തുകയുണ്ടായി. ദൃശ്യമാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി, 'ദുരന്ത ലഹരി' എന്നപേരിൽ ഒരു ഡോക്യു |

| | | | |
|---|---|---|---|
| | | | മെന്ററി, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്യു വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടി ക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച്, ബോധ വൽക്കരണ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറു കൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്ര രചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനു കൾ, വിവിധ സർക്കാർ വകുപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സംഘടനകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കി വരുന്നത്. |
| (ബി) | ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിൽ നിന്നും മദ്യം വാങ്ങുന്ന തിന് പ്രായപരിധി നിശ്ചയിച്ചിട്ടു ണ്ടോ; എങ്കിൽ എത്ര; | (ബി) | ഉണ്ട്. മദ്യം വാങ്ങുന്നതിനും വില്ലുന്നതിനുമുള്ള കുറഞ്ഞ പ്രായം, 18 വയസ്സിൽ നിന്ന് 21 വയ സ്സായി നിശ്ചയിച്ചു. |
| (സി) | പ്രസ്തുത വ്യവസ്ഥ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തു ന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. |
| (ഡി) | വിദ്യാലയങ്ങളിലും സർക്കാർ ഓഫീ സുകളിലും മദ്യവിരുദ്ധ ബോധവത് ക്കരണ പരിപാടികൾ നടത്താറു ണ്ടോ; വിശദമാക്കാമോ? | (ഡി) | വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീ കരിച്ച്, മദ്യ ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സർക്കാർ ഓഫീസുകളിൽ മദ്യവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്താറില്ല. |

സെക്ഷൻ ആഫീസർ